## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 802 — 04.03.2020-ൽ മറുപടിയ്ക്ക്.

### പാൽ ഉല്പാദനത്തിലെ അപര്യാപ്തത പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുമെന്നത് പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് 2018 ലും 2019 ലും ഉണ്ടായ മഹാപ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭം കാരണമാണ് പാലുല്പാദനത്തിൽ പൂർണ്ണ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കാതെ വന്നത്. |
| (ബി) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായതോടുകൂടി പാലുല്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും പ്രസ്തുത കുറവ് നികത്തുന്നതിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ; | (ബി) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടില്ലെങ്കിലും പാൽ ഉല്പാദനത്തിൽ നേരിയ കുറവുണ്ടായ സാഹചര്യത്തിൽ ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായി വരുന്നുണ്ട്. |
| (സി) നിലവിൽ എത്ര ലക്ഷം ലിറ്റർ പാലാണ് ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏകദേശം 2.45 ലക്ഷത്തോളം ലിറ്റർ പാൽ മിൽമ കൊണ്ടുവരുന്നുണ്ട്. |
| (ഡി) ക്ഷീരമേഖലയിൽ വളരെയധികം പദ്ധതികൾ നടപ്പിലാക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്ത ശേഷവും പാലിന്റെ കാര്യത്തിൽ ഇതരസംസ്ഥാനങ്ങളെ ഇപ്പോഴും ആശ്രയിക്കേണ്ട സാഹചര്യം ഗൗരവമായി പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങൾ കാരണമാണ് പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ